# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം രണ്ട് മാസം കൂടി

കൊച്ചി: നാളികേര വികസന ബോർഡ് നടത്തുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം രണ്ടാം ഘട്ട പരിശീലനം രണ്ടു മാസം കൂടി മാത്രം.

എറണാകുളം ജില്ലയിൽ ലെഡ്സ് എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ പുത്തൻവേലിക്കര അസ്സിസി ഭവൻ കേന്ദ്രീകരിച്ച് ഫിബ്രവരി, മാർച്ച് മാസങ്ങളിൽ അടുത്ത ബാച്ച് ആരംഭിക്കും.

സ്ഥിരവരുമാനം ആഗ്രഹിക്കുന്ന പതിനെട്ടിനും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതിയുവാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ ഇരുപത് പേർക്ക് താമസിച്ചുള്ള പരിശീലനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തിങ്കൾ മുതൽ ശനി വരെ ആറുദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ സൗജന്യമാണ്, കൂടാതെ 150 രൂപ ദിവസ ബത്തയും ലഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രവും നാളികേര വികസന ബോർഡ് സൗജന്യമായി നൽകുന്നു.

കൂടാതെ സൗജന്യ ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിൽ രണ്ടാംഘട്ട പരിശീലനം പൂർത്തിയാക്കുന്ന 500 പേർക്ക് യന്ത്രം സൗജന്യമായി നൽകും.

കൂടുതൽ വിവരങ്ങൾക്ക് ലെഡ്സ് എറണാകുളം-0484 2345570, എം.എൽ. ജോർജ് 9995445335.